LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.റ്റി.പി. രണ്ടാംഘട്ടം

218 (3969) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.റ്റി.പി.-യുടെ രണ്ടാംഘട്ട പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-ഡി) ലോകബാങ്ക് സഹായത്തോടെ 2403 കോടി രൂപ ചെലവുവരുന്ന കെ.എസ്.ടി.പി.-2 പദ്ധതി ആരംഭിച്ചിട്ടുണ്ട്. 2013 ജൂണിൽ ലോക ബാങ്കുമായി കരാർ ഒപ്പിട്ട് ഈ പദ്ധതി വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. തിരഞ്ഞെടുക്കപ്പെട്ട 363 കി.മീ. റോഡുകൾ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് മെച്ചപ്പെടുത്തൽ, 80 കി.മീ. ദൈർഘ്യമുള്ള ഒരു മാതൃക സുരക്ഷാ ഇടനാഴി (Model Safety Corridor) യുടെ രൂപീകരണം, തന്ത്ര പ്രധാനമായ റോഡ് ശൃംഖല (Strategic Road Network)-യുടെ രൂപീകരണം, പൊതുമരാമത്ത് വകുപ്പിന്റെ ശാക്തീകരണം എന്നിവയാണ് ഈ പദ്ധതി വഴി കൈവരിക്കാൻ ലക്ഷ്യമിടുന്നത്.

363 കി.മീ. ദൈർഘ്യം വരുന്ന റോഡുകൾ 9 പാക്കേജുകളിലായിട്ടാണ് നിർമ്മാണം നടത്തുന്നത്. ഇതിന്റെ ഇപ്പോഴത്തെ നിർമ്മാണ പുരോഗതി താഴെ ചേർക്കുന്നു:

1. പിലാത്തറ - പാപ്പിനിശ്ശേരി (20.90 കി.മീ.) - 26.92% പണികൾ പൂർത്തിയായി.
2. കാസർഗോഡ് - കാഞ്ഞങ്ങാട് (27.76 കി.മീ.) - 22.86% പണികൾ പൂർത്തിയായി.
3. തലശ്ശേരി - വളവുപാറ (53.12 കി.മീ.) - 7.46% പണികൾ പൂർത്തിയായി. ഇതിന്റെ നിർമ്മാണ കരാർ റദ്ദാക്കിയിരിക്കുകയാണ്. ബാക്കി പണികൾക്കായുള്ള ടെൻഡർ വിളിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

4. ചെങ്ങന്നൂർ - ഏറ്റുമാനൂർ (45.00 കി.മീ.) - 5.55% പണികൾ പൂർത്തിയായി.
5. ഏറ്റുമാനൂർ - മൂവാറ്റുപുഴ (40.90 കി.മീ.) - 6.95% പണികൾ പൂർത്തിയായി.
6. പൊൻകന്നം - തൊടുപുഴ (50.22 കി.മീ.) - 34.70% പണികൾ പൂർത്തിയായി.
7. തിരുവല്ല ബൈപ്പാസ് (2.3 കി.മീ.) - 14.50% പണികൾ പൂർത്തിയായി.
8. പുനലൂർ - പൊൻകന്നം റോഡ് (82 കി.മീ.) പൊതുസ്വകാര്യ പങ്കാളിത്തത്തോടെ (ഹൈബ്രിഡ് ആന്വിറ്റിയിൽ) നിർമ്മാണ പ്രവൃത്തി നടത്തുന്നതിന് ടെണ്ടർ വിളിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
9. പെരിമ്പിലാവ് - പെരിന്തൽമണ്ണ റോഡ് നിർമ്മാണത്തിനുള്ള ഭൂമി പുതിയ എൽ.എ.ആക്ട് പ്രകാരം ഏറ്റെടുക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

പി.ഡബ്ല്യു.ഡി. ആധുനികവൽക്കരണ പദ്ധതി

219 (3970) ശ്രീ. എം.പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി. ആധുനികവൽക്കരണ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പദ്ധതി പ്രകാരം എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമാണ് ;

(ഡി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി പല പദ്ധതികൾക്കും രൂപം നൽകിയിട്ടുണ്ട്.

(ബി) വകുപ്പിന്റെ മാന്വൽ പരിഷ്കരണം, എസ്റ്റിമേറ്റ് കമ്പ്യൂട്ടർ സോഫ്റ്റ്വെയർ വഴി തയ്യാറാക്കി ഓൺലൈൻ ആയി സമർപ്പിക്കുക, നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മാണ പ്രവൃത്തികൾ നടത്തുക, റോഡ് സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുക, ഗുണനിലവാരം മെച്ചപ്പെടുത്തുക, ആധുനിക സാങ്കേതിക വിദ്യ ഉദ്യോഗസ്ഥരെ പരിശീലിപ്പിക്കുക തുടങ്ങിയ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്. ഇ-ടെണ്ടറിംഗ്, ഇ-പേമെന്റ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly